(ബി) ഉണ്ടെങ്കിൽ ആയത് എത്രയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കൺസൾട്ടൻസി കരാർ നൽകിയ ടോക്യോ എഞ്ചിനീയറിംഗ് കമ്പനിയുടെ ഇൻഡ്യൻ പങ്കാളി ഏത് സ്ഥാപനമാണ് എന്ന് വെളിപ്പെടുത്താമോ ;

(ഡി) പ്രസ്തുത സ്ഥാപനത്തിന് എത്ര ഡയറക്ടർമാരുണ്ട് ; ഇവരിൽ വാട്ടർ അതോറിറ്റിയിൽ നിന്നും വിരമിച്ചവർ എത്ര എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) കൺസൾട്ടൻസി കരാർ നൽകാൻ തീരുമാനമായിട്ടുള്ള റ്റി.ഇ.സി. കൺസോർഷ്യത്തിൽ ഇൻഡ്യൻ പങ്കാളികൾ താഴെപ്പറയുന്നവയാണ്.

1. ഷാ ടെക്നിക്കൽ കൺസൾട്ടന്റ്സ് (പ്രൈവറ്റ്) ലിമിറ്റഡ്, മുംബൈ.
2. സെന്റർ ഫോർ എൻവയൺമെന്റ് ആന്റ് ഡവലപ്മെന്റ്, തിരുവനന്തപുരം.

(ഡി) (1) ഷാ ടെക്നിക്കൽ കൺസൾട്ടൻസി (പ്രൈവറ്റ് ലിമിറ്റഡ്)ൽ 5 ഡയറക്ടർമാരും, സെന്റർ ഫോർ എൻവയൺമെന്റ് ആന്റ് ഡവലപ്മെന്റിൽ ഒരു ഡയറക്ടറുമുണ്ട്. ഇവരിൽ വാട്ടർ അതോറിറ്റിയിൽ നിന്നും വിരമിച്ചവർ ആരുമില്ല. സെന്റർഫോർ എൻവയൺമെന്റ് ആന്റ് ഡവലപ്മെന്റ് എന്ന സൊസൈറ്റിയുടെ ഭരണ സമിതിയും വാട്ടർ അതോറിറ്റിയിൽ നിന്ന് വിരമിച്ചവരാരുമുള്ളതായി അറിവില്ല.

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കൺസൾട്ടൻസി നിയമനത്തിന്റെ നിബന്ധനകൾ

143 (1700) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കുടിവെള്ള പദ്ധതിക്കുവേണ്ടി എത്രകോടി രൂപയുടെ ജപ്പാൻ സഹായമാണ് പ്രതീക്ഷിക്കുന്നത് ; പ്രസ്തുത പദ്ധതിയുടെ കൺസൾട്ടൻസി നിയമനത്തിൽ ജാപ്പനീസ് അധികൃതർ എന്തെങ്കിലും നിബന്ധനകൾ നിഷ്കർഷിച്ചിട്ടുണ്ടോ ;

(ബി) കൺസൾട്ടൻസിയായി കാബിനറ്റ് നിശ്ചയിച്ച ടോക്കിയോ എഞ്ചിനീയറിംഗ് കൺസൾട്ടൻസി കമ്പനിക്ക് എത്രകോടി രൂപയാണ് പ്രതിഫലം നിശ്ചയിച്ചിട്ടുള്ളത് ; ഇത് മൊത്തം പദ്ധതി ചെലവിന്റെ എത്ര ശതമാനം വരുമെന്ന് പറയാമോ ;

(സി) പെസഫിക് ഇന്റർനാഷണൽ ആവശ്യപ്പെട്ടതിനേക്കാൾ കൂടുതൽ തുക ടോക്കിയോ എഞ്ചിനീയറിംഗ് കമ്പനിക്ക് നൽകുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മേൽപ്പറഞ്ഞ രണ്ട് കമ്പനികളും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്നതിനെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത്തരം പദ്ധതികളുടെ ഫലമായി കുടിവെള്ളം വിൽപ്പന വസ്തുവാകുന്ന സ്ഥിതി കേരളത്തിലുണ്ടാകുമോ ; ജനങ്ങൾക്ക് വായുപോലെ കുടിവെള്ളവും അവകാശമാണെന്ന വസ്തുത ഗവൺമെന്റ് അംഗീകരിക്കുമോ ?

ഉത്തരം

(എ) 1,787.45 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ജപ്പാൻ സഹായത്തോടെയുള്ള കേരള ശുദ്ധജലവിതരണ പദ്ധതിക്ക് 1,519.38 കോടി രൂപ പരമാവധി വായ്പയായി പ്രതീക്ഷിക്കുന്നു. കൺസൾട്ടൻസി നിയമനത്തിൽ ജാപ്പനീസ് അധികൃതർ നിബന്ധനകൾ നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) 102.03 കോടി രൂപ (കെ.ഡബ്ല്യൂ.എ. നൽകേണ്ട നികുതികൾ ഒഴിച്ച്)

ഇത് മൊത്തം പദ്ധതി ചെലവിന്റെ 5.71% (നികുതികൾ ഒഴിച്ച്)

(സി) ഇപ്പോഴത്തെ തുക കൂടുതലാണെന്ന് ആരോപിച്ചുകൊണ്ടുള്ള ചില അടിസ്ഥാനരഹിതമായ മാദ്ധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ രണ്ട് കമ്പനികളും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്നതിനെക്കുറിച്ച് അന്വേഷിക്കേണ്ട ആവശ്യം ഉണ്ടായിട്ടില്ല.

(ഡി) ജലവിഭവ പരിമിതിയും കുടിവെള്ളം ശേഖരിച്ച് ശുദ്ധീകരിച്ച് വിതരണം നടത്താനുള്ള ഭീമമായ ചെലവും പരിഗണിച്ച് കേരള വാട്ടർ സപ്ലൈ ആന്റ് ബിവറേജ് ആക്ട് നിഷ്കർഷിക്കുന്ന പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് നടപ്പിലാക്കിയാൽ മാത്രമേ ഗുണനിലവാരമുള്ള കുടിവെള്ളം ആവശ്യമായ അളവിൽ ജനങ്ങൾക്ക് എത്തിക്കാനും ജലവിതരണപദ്ധതികൾ പരിപാലിച്ചുകൊണ്ടുപോകുവാനും സാധിക്കുകയുള്ളൂ.

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള ബേപ്പൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകൾ

144 (1701) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കീഴിൽ ബേപ്പൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എന്ന് നിലവിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ ബേപ്പൂർ ചെറുവത്തൂർ-നല്ലളം, ഒളവണ്ണ, കടലുണ്ടി എന്നീ പഞ്ചായത്തുകൾ, ജെ.ബി.ഐ.സി. വായ്പാ സഹായത്തോടെയുള്ള കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുന്നു.

(ബി) 2003-ൽ ആരംഭിച്ച് 2006-2007-ൽ പൂർത്തിയാക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly